## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 66 — 27-04-2017 ൽ മറുപടിക്ക്

### പട്ടികജാതി- പട്ടികവർഗ്ഗക്കാർക്കുള്ള ഹോസ്റ്റലുകൾ നവീകരിക്കാൻ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ശ്രീ.മുരളി പെരുനെല്ലി<br>,, ബി.സത്യൻ<br>,, കെ.വി.വിജയദാസ്<br>,, കെ.ഡി. പ്രസേനൻ | | ശ്രീ എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററി കാര്യവും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്ത് പട്ടികജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കും വേണ്ടിയുള്ള പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ സ്ഥിതി പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | (എ) | പട്ടികജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കും വേണ്ടിയുള്ള പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ സ്ഥിതി പരിശോധനാ വിധേയമാക്കിയിട്ടുണ്ട്. |
| (ബി) | ഇവ നവീകരിക്കാനായി പട്ടികജാതി- പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകൾ ആവിഷ്കരി ച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള ഹോസ്റ്റലുകളുടെ നവീകരണത്തിന്റെ ഭാഗമായി ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഹോസ്റ്റലുകളിലേയ്ക്കാവശ്യമായ അത്യാവശ്യ സാധനങ്ങൾ വാങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് 3.97 കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പ് 5.73 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്<br><br>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, സേവനങ്ങൾ, സാധന സാമഗ്രികൾ, ജീവനക്കാരുടെ എണ്ണം എന്നിവ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് യൂണിസെഫ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഏകീകരിച്ച് നടപ്പാക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഈ ഹോസ്റ്റലുകളിൽ ഇന്റർനെറ്റ് സൗകര്യ മുള്ള കമ്പ്യൂട്ടറുകൾ, ലൈബ്രറി മുതലായ പഠന പ്രവർത്തനത്തിന് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള ഹോസ്റ്റലുകളിൽ കമ്പ്യൂട്ടറുകളും, ലൈബ്രറി സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. <br> പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലുകളിൽ 10 അന്തേവാസികൾക്ക് ഇന്റർനെറ്റ് സൗകര്യമുള്ള ഒരു കമ്പ്യൂട്ടർ വീതം ഏർപ്പെടുത്താനും എല്ലാ ഹോസ്റ്റലുകളിലും ലൈബ്രറി സൗകര്യം ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ